# പാഠം 8: സീനായ് ഉടമ്പടി

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്നും യാത്ര പുറപ്പെട്ടതിന്റെ മൂന്നാം മാസം ഒന്നാംദിവസം എത്തിച്ചേർന്നത് എവിടെയാണ്? | **സീനായ് മരുഭൂമിയിൽ** |
| 2 | 1. കർത്താവിന്റെ ഉടമ്പടി പാലിക്കുന്നവർക്ക് അവിടുന്ന നൽകിയ വാഗ്ദാനമെന്ത്? | **എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും. കാരണം ഭൂമി മുഴുവൻ എന്റേതാണ്. നിങ്ങൾ എനിക്കു പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും.** |
| 3 | എത്ര ദിവസമാണ് മോശ സിനായ് മലയിൽ ചെലവഴിച്ചത്? | **നാല്പതു രാവും നാല്പതു പകലും മോശ സീനായ് മലമുകളിൽ ചെലവഴിച്ചു.** |
| 4 | 2. ദൈവം മോശയ്ക്ക് കല്പനകൾ നൽകിയത് എവിടെവച്ച്? | **സീനായ് മലയിൽവച്ച്.** |
| 5 | ദൈവവും ഇസ്രായേലും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ തെളിവായിരുന്നു .......... . | **ദൈവം മോശ വഴി നൽകിയ പ്രമാണങ്ങൾ.** |
| 6 | 3. ദൈവം നൽകിയ പത്തുപ്രമാണങ്ങളുടെ ഉള്ളടക്കം എന്തായിരുന്നു? | ഞാനാണ് നിന്റെ ദൈവമായ കർത്താവ് ഞാനല്ലാതെ വേറെ ദേവൻമാർ നിനക്കുണ്ടാകരുത്. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്. സാബത്ത് വിശുദ്ധ ദിനമായി ആചരിക്കണം. നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്. അയൽക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുത്. അയൽക്കാരന്റെ ഭവനം മോഹിക്കരുത്. അയൽക്കാരന്റെ ഭാര്യയെയോ, ദാസനെയോ, ദാസിയോയോ, കാളയെയോയ കഴുതയെയോ അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത്. |
| 7 | ദൈവം മോശയ്ക്കു നൽകിയ ഉടമ്പടിപ്പത്രികയിൽ പ്രമാണങ്ങൾ അടങ്ങിയ ......... ഉണ്ടായിരുന്നു. ദൈവം തന്റെ ........ എഴുതിയ കല്പലകകളാണ് മോശയ്ക്കു നൽകിയത്. | **രണ്ടു കല്പലകകൾ, തന്റെ വിരൽകൊണ്ട്** |
| 8 | സീനായ് മലയുടെ അടിവാരത്തിൽ വച്ച് ദൈവവുമായുള്ള ഉടമ്പടിക്ക് മോശ മുദ്ര വച്ചത് എന്തുകൊണ്ടായിരുന്നു? | **ബലിയുടെ രക്തംകൊണ്ട്.** |
| 9 | സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനമാണ് ........ . | **പ്രമാണങ്ങൾ** |
| 10 | പുറപ്പാട് 6:7 (ഉടമ്പടി വാക്യം) എഴുതുക | **ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും; നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും.** |
| 11 | പുതിയ ഇസ്രായേലായ സഭ രൂപം കൊണ്ടത് പുതിയൊരു ഉടമ്പടിയിലൂടെയാണ്. ആരിലുടെയാണ് ഈ ഉടമ്പടി ഉറപ്പിക്കപ്പെട്ടത്? | **ദൈവപുത്രനായ ഈശോയിലൂടെ** |
| 12 | 4. ഈശോ നമുക്കു നൽകിയ പുതിയ കല്പന എന്ത്? | ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും |
| 13 | ലോകത്തിന് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ കല്പന ഏത്? | **ഈശോ നൽകിയ സ്നേഹത്തിന്റെ കല്പന.** |
| 14 | പുറപ്പാട് 20:6 എഴുതുക. | എന്നെ സ്നേഹിക്കുകയും എൻെറ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾ വരെ ഞാൻ കരുണ കാണിക്കും |